**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1469** **16-10-2026-ൽ മറുപടിയ്ക്ക്**

**ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. വിനു ജോബ് കുഴിമണ്ണിൽ ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

**(എ)** ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ നെൽകർഷകർക്ക് കക്ക, കുമ്മായം, വളം, വിത്ത് എന്നിവ ലഭ്യമല്ലാത്തതും സബ്സിഡി വൈകുന്നതും കൃഷിസ്ഥലങ്ങളിൽ പോള നിറഞ്ഞ് കൃഷി തടസ്സപ്പെടുന്ന സാഹചര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ പരിഹരിക്കാൻ സ്വീകരിച്ച അടിയന്തര നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

**മറുപടി: ഉണ്ട്. ജനകിയാസൂത്രണ പദ്ധതി പ്രകാരം കർഷകർക്ക് നിലവിൽ നെൽ വിത്ത്, വളം എന്നിവ വിതരണം ചെയ്യവരുന്നു. നെൽ കൃഷി വികസന പദ്ധതി 2026-27 പ്രകാരം 600 ഹെക്ടർ നെൽ കൃഷിക്കുള്ള നെൽ വിത്ത്, വളം, ജൈവകിടനാശിനി മുതലായ ഉല്പാദനോപാധികൾക്ക് ആനുകൂല്യം നൽകുന്നതാണ്. 2233 ഹെക്ടർ സ്ഥലത്തേക്കുള്ള വിത്ത് ലഭ്യമാക്കുന്നതിനുള്ള ഇൻഡന്റ് വിവിധ ഏജൻസികൾക്കു നൽകിയിട്ടുണ്ട്. ആയതു സമയബന്ധിതമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.**

**630 ഹെക്ടർ നെൽകൃഷിക്ക് ആവശ്യമായ കക്കയും കുമ്മായവും ലഭ്യമാക്കുന്നതിനുള്ള ആവശ്യം നിലവിലുണ്ട്. പ്രസ്തുത കൃഷിയിടങ്ങളിലെ മണ്ണിന്റെ അമ്ലത കുറയ്ക്കുന്നതിനും ഫലഭൂയിഷ്ടതയും നെൽകൃഷിയുടെ ഉല്പാദനക്ഷമതയും നിലനിർത്തുന്നതിനുമായി സോയിൽ ഹെൽത്ത് മാനേജ്മെന്റ് & പ്രൊഡക്ടിവിറ്റി ഇംപ്രൂവ്മെന്റ് 2026-27 പദ്ധതിയിലൂടെ ആവശ്യമായ അളവിൽ കുമ്മായം സമയബന്ധിതമായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.**

**കൂടാതെ കൃഷിയിടങ്ങളിൽ പോള നിറഞ്ഞ സാഹചര്യത്തിൽ നിലവിൽ കർഷകർ തന്നെ കളനാശിനി ഉപയോഗിച്ച് കൃഷിയിടങ്ങൾ ഒരുക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. തദ്ദേശ സ്ഥാപനം വഴി VBGRAMG-ൽ ഉൾപ്പെടുത്തി പോള നീക്കം ചെയ്യുന്നതിനുള്ള നടപടികൾ തദ്ദേശ സ്വയംഭരണ വകുപ്പുമായി ചേർന്ന് സ്വീകരിച്ചുവരുന്നു.**

**(ബി)** ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിൽ കൃഷിവകുപ്പ് പ്രഖ്യാപിച്ച പുതിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

**മറുപടി:** വകുപ്പിന്റെ നിലവിലെ പദ്ധതികൾക്കു പുറമെ നടപ്പിലാക്കിവരുന്ന പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നവയാണ്.

**1.** KATHIRU – സ്കൂളുകളിൽ കാർഷിക ക്ലബ് (രണ്ട് സ്കൂളുകൾ)

**2.** ഓണത്തിനൊരുക്കാം വിളവിന്റെ വിസ്മയം – പദ്ധതി പ്രകാരം പച്ചക്കറി വിത്ത് തൈ വിതരണം

**3.** കൃഷി സഖി – വനിത കർഷകർക്കുള്ള പദ്ധതി

**4.** RKVY Value Chain – Export of fruit and vegetables

**(സി)** മണ്ഡലത്തിൽ വകുപ്പ് മുഖേന ഇതുവരെ നടപ്പിലാക്കിയ പ്രവർത്തനങ്ങളും ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഭാവി പദ്ധതികളും വ്യക്തമാക്കാമോ;

**മറുപടി:** ഓണത്തിനൊരുക്കാം വീടുകളിൽ പച്ചക്കറി പദ്ധതി പ്രകാരം പച്ചക്കറി വിത്തും തൈയും വിതരണം നടത്തി. SHM–Fruit Nutrition Garden പദ്ധതി പ്രകാരം സ്കൂളുകളിൽ (സ്കൂൾ) ഫലവൃക്ഷതൈ വിതരണം നടത്തി.

ക്ലൗഗ്രാമം പദ്ധതി പൂർത്തീകരിച്ച് നടപ്പിലായി വരുന്നു. National Mission on Natural Farming, SHM-MIDH – Area Expansion പദ്ധതികൾ നടപ്പിലാക്കിവരുന്നു. ATMA പരിശീലന പരിപാടി, കാർഷിക മേള എന്നിവ നടപ്പിലാക്കി. ബ്ലോക്ക് ജനകീയാസൂത്രണ പദ്ധതിയിൽ Hybrid പച്ചക്കറി വിത്ത്, ജൈവ ഉല്പാദന ഉപാധികൾ, ബന്ദിത്തൈകൾ എന്നിവ വിതരണം ചെയ്തു. BPKP 3rd year ഫണ്ടുകൾ വിതരണം ചെയ്തു. കൂടാതെ വകുപ്പിന്റെ കേരഗ്രാമം, പച്ചക്കറി വികസന പദ്ധതികൾ എന്നിവയും നടപ്പിലാക്കിവരുന്നു.

**മണ്ഡലത്തിൽ നടപ്പിലാക്കുന്ന ഭാവി പദ്ധതികൾ**

**1.** പച്ചക്കറി വികസന പദ്ധതി പ്രകാരം ശീതകാല പച്ചക്കറി തൈ വിതരണം പ്രിസിഷൻ ഫാമിംഗ്, ന്യൂട്രീഷൻ ഗാർഡൻ പദ്ധതികൾ.

**2.** RKVY പദ്ധതിയിൽ ഉൾപ്പെടുന്ന ക്ലൗഗ്രാമം പദ്ധതി പ്രകാരം മഷ്റൂം യൂണിറ്റുകൾ സ്ഥാപിച്ച കർഷകർക്കുവേണ്ടി പ്രോസസ്സിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും അവരെ ഏകോപിപ്പിച്ച് FPO/FPC രൂപീകരിച്ച് ഉല്പന്നങ്ങൾ വിപണനം നടത്തുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ട്.

**3.** ബ്ലോക്ക് പഞ്ചായത്ത് വഴി തൃക്കൊടിത്താനം കർഷകരുടെ VFPCK മാർക്കറ്റിന് ധനസഹായം നൽകുന്നു. പാടശേഖരങ്ങൾക്ക് പമ്പ് സെറ്റ്, മോട്ടോർ വിതരണം ചെയ്യുന്നു.

**4.** നാളികേര വികസന പദ്ധതി പ്രകാരം തെങ്ങിന്റെ മണ്ട വൃത്തിയാക്കൽ പദ്ധതി നടപ്പിലാക്കുന്നു.

**5.** MIDH, SHM തുടങ്ങിയ പദ്ധതിയിലൂടെ ഉല്പാദിപ്പിക്കുന്ന പഴവർഗ്ഗങ്ങൾ മൂല്യവർദ്ധിത ഉല്പന്നങ്ങളായി മാറ്റുന്നതിനുള്ള പ്രോസസ്സിംഗ് സംവിധാനം ഏർപ്പെടുത്തുന്ന പദ്ധതികളും വിഭാവനം ചെയ്യുന്നു.

**(ഡി)** മണ്ഡലത്തിലെ പുഞ്ചപ്പാടങ്ങളിലെ നെൽകൃഷിയും മറ്റ് കൃഷികളും സംരക്ഷിക്കുന്നതിനായി വകുപ്പിന്റെ നേതൃത്വത്തിൽ ജലസേചനം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകൾ ഏകോപിപ്പിച്ചുകൊണ്ട് എന്തെങ്കിലും പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

**മറുപടി:** ബ്ലോക്ക് പദ്ധതിയിൽ പമ്പ്സെറ്റ്, submersible motor, വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പ് എന്നിവ പാടശേഖരങ്ങൾക്ക് മോട്ടോർ വിതരണം ചെയ്യുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. മൈനർ ഇറിഗേഷൻ വകുപ്പ് പ്രകാരവും കുട്ടനാടൻ പാക്കേജ് വഴി പാടശേഖരങ്ങളുടെ പുറംബണ്ട് കല്ലുകെട്ട് (ഒഡേറ്റിതെക്ക്, ഇട്ടിയകരിപാടം) പദ്ധതി ഈ വർഷം നടപ്പിലാക്കുന്നുണ്ട്. ഇതുകൂടാതെ മോട്ടോർ ഷെഡ് നിർമ്മാണം ഷട്ടർ നിർമ്മാണം പ്രവർത്തനങ്ങൾ മൈനർ ഇറിഗേഷൻ വഴി

നടപ്പിലാക്കിവരുന്നു. പഞ്ചായത്ത്, ബ്ലോക്ക് തല യോഗങ്ങളിൽ കർഷകർക്ക് ബണ്ട് നിർമാണം, ചാല് വൃത്തിയാക്കൽ പദ്ധതി എന്നിവ ചർച്ച ചെയ്യപ്പെടുന്നുണ്ട്.

**(ഇ)** മണ്ഡലത്തിലെ കൃഷി ഓഫീസർമാരുടെയും ഉദ്യോഗസ്ഥരുടെയും നേതൃത്വത്തിൽ കൃഷി അവലോകനം ചെയ്യുന്നതിനായി പ്രതിമാസ യോഗങ്ങൾ ചേരാറുണ്ടോ; കർഷകർക്ക് സർക്കാരിൽ നിന്നും ലഭിക്കേണ്ട ആനുകൂല്യങ്ങളും സഹായങ്ങളും കൃത്യമായി ലഭ്യമാക്കാൻ ഇത്തരം യോഗങ്ങളിൽ തീരുമാനങ്ങൾ കൈക്കൊള്ളാറുണ്ടോ;

**<u>മറുപടി:</u>** ഉണ്ട്. കൃഷി അവലോകനം ചെയ്യുന്നതിനായി പ്രതിമാസങ്ങളിൽ കാർഷിക വികസന സമിതി യോഗങ്ങൾ കൃഷി ഭവനുകളിൽ കൃഷി ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ നടത്തപ്പെടാറുണ്ട്. ബ്ലോക്ക് തലത്തിൽ കൃഷി ഉദ്യോഗസ്ഥരുടെ പ്രതിമാസ മീറ്റിംഗിൽ പദ്ധതി വിശദീകരിച്ചു നൽകുന്നു.

**(എഫ്)** മണ്ഡലത്തിലെ പാടശേഖര സമിതി ഭാരവാഹികളുമായും കർഷകരുമായും കൃഷിവകുപ്പ് ഉദ്യോഗസ്ഥർ കൃത്യമായ ഇടവേളകളിൽ യോഗങ്ങൾ സംഘടിപ്പിക്കാറുണ്ടോ; കർഷകരുടെ പ്രശ്നങ്ങളും സർക്കാരിൽ നിന്നുള്ള പദ്ധതി വിവരങ്ങളും അവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് മണ്ഡലത്തിൽ നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്;

**<u>മറുപടി:</u>** ഉണ്ട്. കർഷകരുടെ പ്രശ്നങ്ങളും സർക്കാരിൽ നിന്നുള്ള പദ്ധതി വിവരങ്ങളും ശ്രദ്ധയിൽ പെടുത്തുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ ചുവടെ ചേർക്കുന്നു.

1. കാർഷിക വികസന സമിതി

2. പാടശേഖരസമിതിയുടെ യോഗങ്ങൾ

3. കൃഷിഭവൻ സോഷ്യൽ മീഡിയ ഗ്രൂപ്പുകൾ

4. പഞ്ചായത്ത് ബ്ലോക്ക് ഭരണസമിതി യോഗങ്ങൾ

5. ATMA, കിസാൻ മേള പദ്ധതികളുടെ പരിശീലന പരിപാടികൾ

**(ജി)** മണ്ഡലത്തിലെ ഈ വർഷത്തെ കൃഷി തടസ്സമില്ലാതെ ആരംഭിക്കുന്നതിന് അത്യാവശ്യമായ കക്ക വിതരണം ചെയ്യുന്ന ഏജൻസിക്ക് അടിയന്തരമായി കക്ക പെർമിറ്റ് അനുവദിച്ചു നൽകുന്നതിനും, കൃഷി ഇറക്കുന്നതിനുമായി പാടശേഖര സമിതിക്ക് ആവശ്യമായ സാങ്കേതിക-സാമ്പത്തിക ആനുകൂല്യങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനും എന്തൊക്കെ അടിയന്തര നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** ഗുണമേന്മയുള്ള നെല്ല് ഉല്പാദിപ്പിക്കുന്നതിനായി കൃഷി ഇറക്കുന്നതിനുമുമ്പായി പാടശേഖരകമ്മിറ്റിക്കു മണ്ണ് പരിശോധനയുടെ പ്രാധാന്യം സംബന്ധിച്ചും കക്ക, വളം എന്നിവ ഉപയോഗിക്കുന്നതിന്റെ ആവശ്യകത സംബന്ധിച്ചും ഉപയോഗ രീതികളെ സംബന്ധിച്ചും സാങ്കേതിക സഹായങ്ങൾ, സാങ്കേതിക വിദഗ്ധരുടെ ക്ലാസുകൾ എന്നിവ നൽകുന്നുണ്ട്.

നെൽകൃഷി സമയബന്ധിതമായി ആരംഭിക്കുന്നതിന് ആവശ്യമായ കക്കയുടെ ലഭ്യതയും വിതരണവും ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സോയിൽ ഹെൽത്ത് മാനേജ്മെന്റ് & പ്രൊഡക്ടിവിറ്റി ഇംപ്രൂവ്മെന്റ് 2026-27 പദ്ധതിയുടെ മാർഗനിർദേശങ്ങൾക്കനുസൃതമായി ആവശ്യമായ അളവിൽ കക്ക വിതരണം ചെയ്യുന്നതിനും അർഹമായ സബ്സിഡി സമയബന്ധിതമായി ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ